പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2097 01.02.2018-ൽ മറുപടിക്ക്

## ഇ ഹെൽത്ത് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | എ) & ബി) | ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ജീവിത ശൈലീ രോഗങ്ങൾ വരാതെ സംരക്ഷിക്കുന്നതിനുള്ള ആരോഗ്യ ബോധവൽക്കരണം, രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ്, രോഗം കണ്ടെത്തുന്നവർക്കായി ചികിൽസയും മരുന്നും സൗജന്യമായി നൽകുക, രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥ തടയുന്നതിനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഉദ്ദേശലക്ഷ്യങ്ങൾ.<br>ഇതിനു പുറമെ കുട്ടികളുടെ ജീവിത ശൈലീ രോഗം തടയുന്നതിന് 'LEAP' പദ്ധതി, ഗുരുതര ശ്വാസകോശ രോഗമായ COPD തടയുന്നതിന് 'SWAAS' പദ്ധതി, പക്ഷാഘാത ക്ലിനിക്കുകൾ, നേത്രപടലാന്ധത തടയുന്നതിനുള്ള 'Diabetic Retinopathy Screening', തൊഴിൽ മേഖലയിൽ ഉള്ളവർക്കായുള്ള 'Work Place Intervention', വിദൂര പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് സഞ്ചരിക്കുന്ന ജീവിതശൈലീ ക്ലിനിക്കുകൾ, പോലീസ് സേനയ്ക്ക് വേണ്ടിയുള്ള 'SHAPE', പദ്ധതി എന്നിവയാണ് ജീവിത ശൈലീ രോഗത്തെ നിയന്ത്രിക്കുന്നതിനുള്ള മറ്റ് കർമ്മപദ്ധതികൾ.<br>ഇതിനായി സംസ്ഥാനത്തെ 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 838 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും 100 ജില്ലാ ജനറൽ താലൂക്ക് ആശുപത്രികളിലും ജീവിത ശൈലീ രോഗ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവരെയും രോഗ നിർണ്ണയത്തിനായി സ്ക്രീനിംഗ് നടത്തി തക്കസമയത്തെ ചികിത്സയിലൂടെ രോഗം നിയന്ത്രിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | | |
| സി) | ഇത്തരം പ്രവർത്തനങ്ങളിൽ ഇ ഹെൽത്ത് പദ്ധതി ഏതു വിധത്തിൽ പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ; നിലവിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഇ ഹെൽത്ത് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | സി) | ഇഹെൽത്ത് പദ്ധതി നടപ്പിലാക്കപ്പെടുന്നതോടെ ജീവിതശൈലീ രോഗം കണ്ടെത്തുന്നവരുടെ ചികിൽസയും തുടർ ചികിൽസയും ആരോഗ്യ രേഖയായി സൂക്ഷിക്കുന്നതിനും, രോഗിയെ ദീർഘ കാലം ഫോളോ അപ്പ് ചെയ്യുന്നതിനും ഡോക്ടർമാരേയും ആരോഗ്യ പ്രവർത്തകരേയും സഹായിക്കുന്ന കൃത്യമായ പരിശോധനയും മരുന്ന് വിതരണവും നൽകുന്നതിനും പ്രയോജനപ്പെടുന്നതാണ്. രോഗികൾക്കും ഡോക്ടർമാർക്കും, ആരോഗ്യ പ്രവർത്തകർക്കും ഒരു പോലെ ഉപകാരപ്പെടുന്ന ആരോഗ്യ |

| | | | |
|---|---|---|---|
| | | | മുന്നറിയിപ്പുകളും (ഹെൽത്ത് അലർട്ട്) ഈ പദ്ധതിയുടെ സവിശേഷതയാണ്. ഫീൽഡ് തലത്തിൽ ജീവിത ശൈലീ രോഗങ്ങളെ സംബന്ധിച്ച് നടത്തുന്ന ക്ലിനിക്കുകളും ക്യാമ്പുകളും വഴി ലഭിക്കുന്ന സൂചനകളിലൂടെ രോഗ വിവരം കണ്ടെത്താനും ഇ ഹെൽത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതും നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഏഴ് ജില്ലകളിലായി ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ സമഗ്ര ആരോഗ്യ വിവരങ്ങൾ ടാബ്ലറ്റ് പി.സി/കമ്പ്യൂട്ടർ ശൃംഖല വഴി രോഗികളെ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നതിനും സാധിക്കും. പ്രസ്തുത വിവരം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ആശുപത്രികളിൽ തന്നെ ലഭ്യമായിട്ടുള്ള ഇ ഹെൽത്ത് സോഫ്റ്റ് വെയർ സഹായത്താൽ വിവരങ്ങൾ അവിടെ രേഖപ്പെടുത്താനും രോഗ നിർണ്ണയം നടത്തി ചികിൽസ ആരംഭിക്കുന്നതിനും സാധിക്കും. പ്രസ്തുത വിവരം ഫീൽഡ് തല പ്രവർത്തകർക്ക് അറിയുന്നതിനും തുടർന്ന് ഗൃഹസന്ദർശന വേളയിൽ അവർക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകാനും സങ്കീർണ്ണതകളുണ്ടായാൽ തുടർന്നും റഫർ ചെയ്യുന്നതിനും സാധിക്കും. ഫീൽഡ് തലത്തിൽ ജീവിത ശൈലി രോഗങ്ങളെ സംബന്ധിച്ച് നടത്തുന്ന ക്ലിനിക്കുകളും ക്യാമ്പുകളും വഴി ലഭിക്കുന്ന സൂചനകളിലൂടെ രോഗ വിവരം കണ്ടെത്താനും ഈ രോഗികളെ ടാബ്ലെറ്റ്കൾ വഴി ആശുപത്രികളിലേക്ക് refer ചെയ്യുന്നതിനും സാധിക്കും. പ്രസ്തുത വിവരം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ആശുപത്രികളിൽ തന്നെ ലഭ്യമായിട്ടുള്ള ഇ ഹെൽത്ത് സോഫ്റ്റ്‌വെയർ സഹായത്താൽ വിവരങ്ങൾ അവിടെ രേഖപ്പെടുത്താനും രോഗനിർണ്ണയം നടത്തി ചികിത്സ ആരംഭിക്കുന്നതിനും സാധിക്കും. പ്രസ്തുത വിവരം field തല പ്രവർത്തകർക്ക് അറിയുന്നതിനും തുടർന്ന് ഗൃഹസന്ദർശന വേളയിൽ അവർക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകാനും സങ്കീർണ്ണതകളുണ്ടായാൽ തുടർന്നും refer ചെയ്യുന്നതിനും സാധിക്കും.<br><br>ഇ ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽകോളേജ് വരെയുള്ള 13 ആശുപത്രികളിൽ pilot implementation തീരുമാനിച്ചതിൽ 12 ആശുപത്രികളിലും hardware, Networking, Connectivity പൂർത്തിയാക്കി. മെഡിക്കൽകോളേജിൽ ജനവരി അവസാനത്തോടെ Networking പൂർത്തീകരിക്കത്തക്കവിധം Networking |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു. PHC വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ, CHC മണമ്പൂർ, വെള്ളനാട്, TH ഫോർട്ട്, ചിറയിൻകീഴ്, DH പേരൂർക്കട, PH ലാബ് എന്നീ 9 ആശുപത്രികളിൽ പദ്ധതി പ്രവർത്തനക്ഷമമാണ്. ഉപയോക്താക്കളിൽ നിന്നും അഭിപ്രായം സ്വരൂപിച്ച് കുറ്റമറ്റ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>പൗരന്മാരുടെ വിവരശേഖരണവും രോഗവിവരങ്ങളും ശേഖരിക്കുന്നതിലേക്കായി അവ ഉപയോഗിക്കുന്ന പ്രദേശത്തിന്റെ (locality) വിശദാംശം ശേഖരിക്കുന്ന Demographic Survey ഇപ്പോൾ 14 ജില്ലകളിലും നടന്നു വരുന്നു. ഈ സർവെ പൂർത്തിയാക്കുന്ന മുറക്ക് വ്യക്തിയുടെയും അവരുടെ വീടുകളുടെയും വിശദാംശം ലഭ്യമാകും. ഓരോ locality യിലെയും വ്യക്തികളുടെ ആധാർ കാർഡ് സ്കാൻ ചെയ്താണ് member detailes ശേഖരിക്കുന്നത്. പഞ്ചായത്ത്-വാർഡ് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഈ പ്രവർത്തനം നടന്നു വരുന്നു.<br><br>പദ്ധതിയുടെ ആദ്യഘട്ടം ഏഴ് ജില്ലകളിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെങ്കിലും മറ്റു ജില്ലകളിലും എല്ലാ സർക്കാർ മെഡിക്കൽകോളേജിലും OP Reception Module നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെങ്കിലും ഇതിന്റെ പ്രവത്തനം പുരോഗമിക്കുകയാണ്. ഏഴു ജില്ലകളിലാണ് പദ്ധതി പൂർണ്ണമായും ആദ്യ ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും എല്ലാ ജില്ലകളിലും വിവരശേഖരണം നടത്തുന്ന പ്രവർത്തനം പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**